# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5621 **18.11..2019-ൽ മറുപടിയ്ക്ക്**

**കുലശേഖരപുരം ആയുർവേദാശുപത്രി**

| ചോദ്യം<br>**ശ്രീ.ആർ. രാമചന്ദ്രൻ** | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കുലശേഖരപുരം ആയുർവേദാശുപത്രിയിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കുലശേഖരപുരം ആയുർവേദാശുപത്രിയിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.<br>മെഡിക്കൽ ഓഫീസർ - 1<br>ഫാർമസിസ്റ്റ് ഗ്രേഡ് -1<br>അറ്റൻഡർ -1 |
| (ബി) | പ്രസ്തുത ആശുപത്രിയിൽ എല്ലാ ദിവസവും ഡോക്ടറുടെ സേവനം ലഭ്യമാണോ; അല്ലെങ്കിൽ എത്ര ദിവസം ഡോക്ടറുടെ സേവനം ലഭിക്കുന്നുവെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ ആഴ്ചയിൽ മൂന്ന് ദിവസം ഡോക്ടറുടെ സേവനം ലഭ്യമാണ് (ചൊവ്വ, വ്യാഴം, ഞായർ). ടി സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ച് 03.07.2019 മദ്ധ്യാഹ്നത്തിന് വിടുതൽ ചെയ്യിട്ടുള്ളതിനാൽ 04.07.2019 മുതൽ പാവുമ്പ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർക്ക് ഒന്നിടവിട്ട ദിവസങ്ങളിൽ ടി സ്ഥാപനത്തിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്. നിലവിൽ പാവുമ്പ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ 28.10.2019 മുതൽ അവധിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ 28.10.2019 പൂർവ്വാഹ്നം മുതൽ കുലശേഖരപുരം സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസറുടെ അധികചുമതല ഒന്നിടവിട്ട (ചൊവ്വ, വ്യാഴം. ഞായർ) ശനി (വീക്കിലി ഓഫ്) ദിവസങ്ങളിൽ കരുനാഗപ്പള്ളി സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ സീനിയർ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുള്ളതാണ്. |
| (സി) | അവിടെ സ്ഥിരം ഡോക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (സി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ